# സർഗ്ഗ സംഗമം

## 25 ആഗസ്റ്റ്  2024 ബാംഗ്ലൂർ 16, വിജനപുരയിലെ ജൂബിലി സ്കൂളിൽ

**---വിഷ്ണുമംഗലം കുമാർ**

### സപ്തവർണ്ണങ്ങളിൽ പരിലസിച്ച സർഗ്ഗസംഗമ സപ്തതി

അരനൂറ്റാണ്ടുകാലമായി ബംഗളുരുവിലെ സാംസ്കാരിക രംഗത്ത് നിറസാന്നിധ്യമാണ് എഴുത്തുകാരൻ കൂടിയായ എസ് കെ നായർ. ദൂരവാണി നഗർ മേഖല കേന്ദ്രീകരിച്ചാണ് പ്രധാനമായും അദ്ദേഹം പ്രവർത്തിച്ചിരുന്നത്. ഇന്നലെ അദ്ദേഹത്തിന്റെ സപ്തതിയായിരുന്നു. ആ സപ്തതിയാകട്ടെ വ്യക്തി കേന്ദ്രീകൃത ജന്മദിനാഘോഷം എന്ന പതിവുരീതി ഉപേക്ഷിച്ച് എഴുത്തുകാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും സർഗ്ഗ സംഗമമാക്കി മാറ്റിയത് അദ്ദേഹം തന്നെയാണ്. അതാകട്ടെ നഗരത്തിലെ സാംസ്കാരിക വേദിയ്ക്ക് അവിസ് മരണീയമായ ഒരപൂർവ്വ അനുഭവമായിതീരുകയും ചെയ്തു... സർഗ്ഗ സംഗമം




വിഘടിച്ചും വൃഥാ കലഹിച്ചും കഴിഞ്ഞിരുന്ന അറുപതോളം എഴുത്തുകാരും കലാകാരൻമാരുമാണ് എസ് കെ ഒരുക്കിയ സഹൃദയവേദി യിൽ ഒത്തുചേർന്നത്. ആലങ്കോട് ലീലാകൃഷ്ണൻ, സുകുമാരൻ പെരിയച്ചൂർ, സുധാകരൻ രാമന്തളി, സുരേഷ് മണ്ണാറശാല, കെ കെ ജി, കെ ആർ കിഷോർ എന്നിവരോടൊപ്പം മുരളീധരൻ നായർ, പി



ദിവാകരൻ, പീറ്റർ ജോർജ്ജ് എന്നിവരും വേദിയിൽ അണിനിരന്നു. സദസ്സും അതുപോലെ പ്രൗഢഗംഭീരമായിരുന്നു. സദസ്സു നിറഞ്ഞിരുന്ന എഴുത്തുകാരെ ഓരോരുത്തരെയായി വിശദമായി പരിചയപ്പെടുത്തി ആദരിച്ചു.

അതുകഴിഞ്ഞാണ് എസ് കെ യുടെ രണ്ടു പുസ്തകങ്ങൾ പ്രകാശനം ചെയ്തത്. ഓർമ്മകളിലൂടെ ഒരു യാത്ര, ഒരു ലംബാനിക്കല്യാണം എന്നീ രണ്ടു പുസ്തകങ്ങളിൽ ആദ്യത്തേത് എസ് കെയുടെ സംഭവബഹുലമായ ജീവിതാനുഭവങ്ങളുടെ സങ്കലനമാണ്. ആലങ്കോട് ആ പുസ്തകത്തെ പരാമർശിച്ചുകൊണ്ടാണ് തുടങ്ങിയത്. സദസ്സിനെ വിസ്മയിപ്പിച്ച പ്രഭാഷണമായിരുന്നു ആലങ്കോടിന്റേത്. ഭാസ്കരൻ മാഷെയും വയലാറിനെയും ഒഎൻ വിയെയുമൊക്കെ ചേർത്തുപിടിച്ച്, മാനവികതയിൽ അധിഷ്ഠിതമായ അവരുടെ ഗാനങ്ങൾ ആലപിച്ച്, കഴിഞ്ഞ നൂറ്റാണ്ടിന്റെ മികവും മലയാളത്തിന്റെ മാധുര്യവും ആലങ്കോട് സദസ്സിനെ അനുഭവിപ്പിച്ചു. സപ്തവർണ്ണങ്ങൾ കൂടിച്ചേർന്ന് അപൂർവ്വ ചാരുതയുള്ള ധവളിമ പരിലസിക്കുന്ന കാഴ്ച്ചയാണ് സർഗ്ഗസംഗമത്തിൽ കാണാൻ കഴിയുന്നതെന്ന് ആലങ്കോട് എടുത്തുപറഞ്ഞു. എസ് കെ നായരുടെ സപ്തതിയുടെ തണലിൽ ഒരു മനോഹര സ്വപ്ന പുഷ്പമായി വിരിഞ്ഞു വിടർന്ന സർഗ്ഗസംഗമത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞതിലുള്ള ചരിതാർഥ്യ ത്തോടെയാണ് ഏവരും മടങ്ങിയത്.




## സ്ർഗ്ഗ സംഗമത്തിൽ പങ്കെടുത്തവരുടെ വാക്കുകളിലേക്ക്.



'വളരെ മനോഹരമായ ഒരു സംഗമം.... ഇതിന് മുൻകൈ എടുത്തതിന് സാറിന് പ്രത്യേക അഭിനന്ദനം അറിയിക്കുന്നു...

ബാംഗ്ലൂരിലെ എഴുത്തുകാർക്കും സാഹിത്യാസ്വാദകർക്കും നിർവൃതി നൽകിയ ഒരു സർഗസംഗമമാണ് നടന്നത്.

സുന്ദരമായ രചനകൾ പ്രകാശനം ചെയ്ത ഈ സംഗമത്തിൽ ഹൃദയത്തെ പുളകം കൊള്ളിക്കുന്ന സാഹിത്യാവലോകനങ്ങൾ ഉണ്ടായിരുന്നു. ഒരു കുളിർ മഴയായി ആലങ്കോട് ലീലാകൃഷ്ണൻ സാറിന്റെ പ്രഭാഷണവും. വളരെ അപൂർവമായ മനുഷ്യ സ്നേഹികളുടെ സംഗമമായിരുന്നു അത്. പങ്കെടുക്കാൻ കഴിഞ്ഞത് ഒരു സുകൃതാനുഭവമായി.

ആലങ്കോട് സാറിന്റെ പ്രഭാഷണം പാൽപ്പായസം തന്നെയായിരുന്നു....

എന്നെയും പങ്കെടുപ്പിച്ചതിനു ഒരായിരം നന്ദി🙏🙏🙏'

**----- പി. ഗോപകുമാർ IRS**

### സർഗ്ഗ സംഗമം ആഗസ്റ്റ് 25..

എന്റെ 62 വർഷത്തെ ബാംഗളൂർ കലാ സാംസ്ക്കാരിക ജീവിതത്തിൽ ഇത്തരം ഒരു പരിപാടി ആരും നടത്തിയതായി കണ്ടിട്ടില്ല. സംഘാടന മികവിന്റെ ഉദാഹരണമായാണ് എന്റെ ശ്രദ്ധയിൽപെട്ടത്. അതിൽ എസ്കെ, ഷൈനി തുടങ്ങി എല്ലാ പങ്കാളികൾക്കും



അഭിമാനിക്കാം.

പരിപാടികൾ നല്ല ഒഴുക്കോടെത്തന്നെ നടന്നു. അല്പം ആരോഗ്യപ്രശ്നമുള്ള ആലങ്കോടിനെ പരിപാടികൾക്കിടയിൽ പ്രത്യേക ശ്രദ്ധയോടെ പരിചരിക്കുന്നതിനു എസ്കെയും ഷൈനിയും കാട്ടിയ സമയോചിതമായ ഇടപെടൽ പ്രശംസാർഹമാണ്.

ബാംഗ്ലൂരിലുള്ള ബഹുഭൂരിപക്ഷം എഴുത്തുകാരെ ഒന്നിച്ചണിനിരത്തുവാനും ആദരിക്കുവാനും കാണിച്ച വ്യഗ്രത തികച്ചും ഒരു അപൂർവ സംഭവമായി മാറി. അവരെയെല്ലാം പേരിന്റെ അക്ഷര ക്രമത്തിൽ ക്ഷണിച്ചു പരിചയപ്പെടുത്തിയത് പക്ഷപാതമില്ലാതെ സമാന പരിഗണന നൽകിയതും മറ്റും പ്രത്യേകം ശ്രദ്ധേയമായി.

സംഘാടകർക്കെല്ലാം അഭിനന്ദങ്ങളർപ്പിക്കുന്നതോടൊപ്പം പങ്കെടുത്ത എല്ലാ സുമനസ്സുകൾക്കും അഭിവാദ്യങ്ങൾ

**--ടി.എം ശ്രീധരൻ**

### ബാംഗ്ലൂരിൽ ഇത് ആദ്യമാണ്.



ഞായറാഴ്ച നടന്ന സർഗ്ഗ സംഗമം വേറിട്ട അനുഭവമായി. ശ്രീ എസ് കെ നായരുടെ സപ്തതിയാഘോഷങ്ങളുടെ ഭാഗമായി ബാംഗ്ലൂരിലെ സാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖരെ ഒരു വേദിയിൽ അണിനിരത്താൻ കഴിഞ്ഞത്

അഭിനന്ദനമർഹിക്കുന്നു. ബാംഗ്ലൂരിൽ ഇത് ആദ്യമാണ് ഇത്തരം ഒരു ഉദ്യമം നടക്കുന്നത്.

കേരള സമാജം ഇതുപോലെ യുള്ള പുതിയ സംരംഭങ്ങൾക്ക് നേതൃത്വം നൽകാൻ ശ്രമിക്കും.

എസ് കെ ക്ക് ഹൃദയത്തിൽ തൊട്ട അഭിനന്ദനങ്ങൾ

**---റെജികുമാർ**

**'മറ്റൊരു പാൽപായസ സദ്യക്ക് ആലങ്കോടിനെ കൊണ്ടുവന്നതിനു് പ്രത്യേക നന്ദി'.**



എസ്.കെ, പരിപാടി ഗംഭീരമായി. കേമമായ സംഘാടനപാടവത്തിന് വാക്കു പറയാൻ എനിക്ക് കഴിയുന്നില്ല.. സംസാരിക്കാൻ കരുതൽ സമയം കിട്ടിയിരുന്നെങ്കിൽ ഹാസ്യത്തിന്റെ വെടിക്കെട്ട് നടത്തിയേനെ! ഇതു് വെറും സാമ്പിൾ വെടിക്കെട്ട്! വീണ്ടു ം ഇതുപോലെയുള്ള പരിപാടികൾ സംഘടിപ്പികുക. കൂടുതൽ സമയം അനുവദിക്കുക. ഒരു ചിരിയരങ്ങ് ഉറപ്പ് നൽകുന്നു. രുചികരമായ സദ്യക്ക് നന്ദി. മറ്റൊരു പാൽപായസ സദ്യക്ക് ആലങ്കോടിനെ കൊണ്ടുവന്നതിനു് പ്രത്യക നന്ദി.

സ്നേഹാദരപൂർവ്വം
**-ഹർഷൻ.വി.ആർ**




**'പുസ്തക ചന്ത വളരെ നന്നായി'.**



ഒരേ വേദിയിൽ എട്ടോളം പുസ്തകങ്ങൾ പ്രകാശനം ചെയ്യുക 70 ഓളം സാംസ്കാരിക രംഗങ്ങളിൽ നിറ സാന്നിധ്യമായ മഹത് വ്യക്തികളെ ഒരുമിച്ചു കൊണ്ടുവരിക ചെറിയ കാര്യമല്ല. രണ്ടാമത്; ഇത്രയും ആളുകളെ ആദരിക്കുകയും അവർക്കൊക്കെ സംസാരിക്കാൻ അവസരം

കൊടുക്കകയും ചെയ്തിട്ടും പ്ലാൻ ചെയ്തതുപോലെ ഒട്ടും വൈകിക്കാതെ പരിപാടി അവസാനിപ്പിക്കാൻ കഴിഞ്ഞു എന്നതും മഹനീയം തന്നെ.

എസ് കെ യുടെനേതൃത്വ പാടവം  വീണ്ടും തെളിയിച്ചു. പൂർണ കാര്യ ക്ഷമതയോടെ ചെയ്ത പരിപാടിയായിരുന്നു സർഗ്ഗ സംഗമം..

**---------ഡോക്ടർ പ്രേംരാജ്**




### ‘നല്ലൊരു ഡയറക്ടർ ഇതിൽ പ്രവർത്തിച്ചു’



എന്റെ 22 വർഷത്തെ ബാംഗ്ലൂരിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ വച്ചു നോക്കുമ്പോൾ ഇതുപോലൊരു  കൂട്ടായ്മ ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടി ഇരിക്കുന്നു. വലിയ ആഡംബരങ്ങൾ ഒന്നുമില്ലാതെ അതിഗംഭീരമായി നടത്തുവാൻ ഇതിന്റെ സംഘാടകർക്കു കഴിഞ്ഞു. അലോസരമുണ്ടാക്കാത്ത ഓരോരുത്തരുടെയും പ്രസംഗങ്ങൾ ഇതിന്റെ ഒരു പ്രത്യേകതയായി തോന്നി. ചുരുക്കത്തിൽ നല്ലൊരു ഡയറക്ടർ ഇതിൽ പ്രവർത്തിച്ചു. അതിന്റ ഫലം ഉണ്ടായി എന്ന് ഞാൻ വിശ്വസിക്കുന്നു. ഭാവുകങ്ങൾ. 🙏🙏

**--------അനൂപ് വാമനപുരം**




### ‘സൗഹൃദങ്ങൾ എന്നും ഇതുപോലെ നിലനിൽക്കട്ടെ’.

ജീവിതം പലപ്പോഴും മാസ്മരികതകൾ നിറഞ്ഞതാണ്. അതുപോലെ ഒരു ദിവസമായിരുന്നു ഇന്നും. ഉപ്പയെ വേദികളിൽ ആദരിക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. നിറഞ്ഞ പുഞ്ചിരിയോടെ ഉപ്പ നിൽക്കുന്നതും പലപ്പോഴും

നോക്കി നിന്നിട്ടുണ്ട്.അതുപോലെ ഒരു ദിനം എൻ്റെ ജീവിതത്തിൽ വരുമെന്ന് സ്വപ്നത്തിൻ പോലും കരുതിയില്ല.



അന്നത്തെ ദിവസം ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്തത് ഒന്ന് ആണ്. വേദിയിൽ ബാംഗളൂരിലെ സാഹിത്യ രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ. അവരെ കാണുക, പരിചയപ്പെടുക എന്നതൊക്കെ മുജ്ജന്മ സുകൃതമായി കാണുന്നു. നിറഞ്ഞ സദസ്സിൽ പ്രമുഖ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്താൻ കിട്ടിയ നിമിഷം ഒരു നിധി പോലെ മനസ്സിലെന്നും സൂക്ഷിക്കും.കാലത്തെ അതിജീവിച്ചു കൊണ്ട് സൗഹൃദങ്ങളുമായി മുൻപോട്ട് പോകുക എന്ന സന്ദേശമാണ് ഇന്നത്തെ ഈ കൂടിച്ചേരലിൽ സാഹിത്യ പ്രവർത്തകർ ഒന്നടങ്കം പറഞ്ഞത്. കലികാലത്തെ അതിജീവിച്ച് ഈ സൗഹൃദങ്ങൾ എന്നും ഇതുപോലെ നിലനിൽക്കട്ടെ. എന്ന് പ്രാർത്ഥിക്കുന്നു.

ഒത്തിരി നന്ദി എസ് കെ സാർ.🙏🙏

**--- ഹസീന ഷിയാസ്**

## ‘ആശംസകളും സ്നേഹവും ഹൃദയഭാഷയിൽ അറിയിക്കുന്നു’.

തികച്ചും വ്യത്യസ്തമായ സർഗ്ഗ സംഗമം തന്നെയായിരുന്നു ഇന്ന് ജൂബിലി സ്കൂളിൽ നടന്നത്. കേരളത്തിലെ സാഹിത്യ പ്രമുഖരെ ഉൾപ്പെടുത്തിയ പരിപാടിയിൽ ബാംഗ്ലൂർ നഗരത്തിലെ സാഹിത്യ സാംസ്കാരിക രംഗത്തെ സജീവ പ്രവർത്തകരെ ഒരുമിപ്പിച്ചു കൊണ്ട് പുസ്തകപ്രകാശനം നടത്തുക എന്നത് വളരെ ശ്രമകരമാണ്.



അതിൽ പൂർണ്ണമായും വിജയിച്ചിരിക്കുകയാണ് ശ്രീ എസ് കെ നായർ. അദ്ദേഹത്തിന്റെ പുസ്തക പ്രകാശനത്തോടൊപ്പം മറ്റു ആറു എഴുത്തുകാരുടെ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചുകൊണ്ട് പുസ്തകപ്രകാശനം എന്ന ചടങ്ങ് വളരെ ഗംഭീരമായി. പ്രഭാഷണങ്ങളും സ്നേഹ സൗഹൃദങ്ങളുമായി ഇന്നത്തെ ദിവസം സമ്മാനിച്ച ശ്രീ എസ് കെ നായർക്ക് എല്ലാവിധ ആശംസകളും സ്നേഹവും ഹൃദയഭാഷയിൽ അറിയിക്കുന്നു.


**------അർച്ചന സുനിൽ**

## ‘വൈവിധ്യങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തുകയെന്നത് ക്ഷിപ്രസാദ്ധ്യമല്ല പക്ഷെ ..!’

ഇന്ന് ഉദ്യാനനഗരിയിൽ സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനുമായ ശ്രീ എസ്.കെ. നായരുടെ നേതൃത്വത്തിൽ നടന്ന പുസ്തകപ്രകാശനവും , സർഗ്ഗസംവാദവും പുസ്തക ചന്തയും അവിസ്മരണീയമായി.



എസ്.കെ. നായരുടെ രണ്ടു പുസ്തകങ്ങൾക്കൊപ്പം ബാംഗ്ളൂരിലുള്ള മറ്റ് ഏഴ് എഴുത്തുകാരുടെ പുസ്തകങ്ങൾ കൂടി ഒരേ വേദിയിൽ പ്രകാശനം ചെയ്യപ്പെട്ടു. സാംസ്കാരിക സാഹിത്യരംഗത്തെ എഴുപതോളം പേരെ സദസ്സിന് പരിചയപ്പെടുത്തി ഉചിതമായ ആദരം നൽകി.




സാധാരണ നടത്താറുള്ളതിൽ നിന്നും  വ്യത്യസ്തവും, മിഴിവുറ്റതുമായി ഈ സാംസ്കാരിക സദ്യ. സ്വയം എന്നതിലപ്പുറം ബഹുസ്വരതയുടെ പരിഛേദമായി വിജനപുര സ്കൂൾ അങ്കണത്തിൽ രാവിലെ മുതൽ വൈകീട്ട് വരെ നടന്ന സാഹിത്യ വിരുന്ന്. കേരളത്തിൽ നിന്നുമെത്തിയ പ്രശസ്തകവി ശ്രീ ലീലാകൃഷ്ണൻ, സുകുമാരൻ പെരിയച്ചൂർ, സുരേഷ് മണ്ണാറശാല എന്നിവരുടെ ആധികാരികവും,  സമഗ്രവുമായ  പ്രഭാഷണം സംഗമത്തിന് പ്രൗഢതയേകി. ഒപ്പം ബാംഗ്ളൂരിലെ സാംസ്കാരിക പ്രമുഖരുടേയും എഴുത്തുകാരുടേയും പ്രഭാഷണം സദസ്സിനെ ഒന്നു കൂടി ദീപ്തമാക്കി.

വിവേചനങ്ങൾ ഏറിയ          വർത്തമാനകാലത്ത് വൈവിധ്യങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തുകയെന്നത്  ക്ഷിപ്രസാധ്യമല്ല. എന്നാൽ ആ സാംസ്കാരിക സൗന്ദര്യമാണ് അന്ന് അരങ്ങേറിയത്. ഒറ്റയാനായി നിന്ന് ഒരു സമൂഹമായി മാറിയ ശ്രീ എസ്.കെ. നായർക്കും അണിയറ പ്രവർത്തകർക്കും  ഹൃദയം നിറഞ്ഞ നമോവാകം. എസ്.കെ. നായർ, കെ.ടി. ബ്രിജി, രമപ്രസന്ന പിഷാരടി, ഷൈനി അജിത്, മാസ്റ്റർ ഓസ്റ്റിൻ അജിത്, സിന, എന്നിവർക്കൊപ്പം എൻ്റേയും പുസ്തകം പ്രകാശിപ്പിക്കാൻ കഴിഞ്ഞതിൻ്റെ ചാരിതാർത്ഥ്യം കൂടി നിറഞ്ഞ സ്നേഹത്തോടെ അറിയിക്കുന്നു. ഇതൊരു തുടക്കമാകട്ടെ. ബാംഗ്ളൂരിലെ സാഹിത്യ- സാംസ്കാരിക കൂട്ടായ്മകൾക്ക് ഭാവിയിൽ ഇത്തരം അർത്ഥപൂർണ്ണമായ സാംസ്കാരിക സംഗമങ്ങൾക്ക് തിരിതെളിക്കാൻ കഴിയട്ടെ. അതിൻ്റെ നാന്ദി കുറിയ്ക്കലാവട്ടെ ഈ സർഗ്ഗ സംഗമം . എസ്.കെ. നായർക്കൊപ്പം പ്രവർത്തിച്ച മറ്റെല്ലാവർക്കും ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. പാട്ടും ,കവിതയും,

പറച്ചിലുമൊക്കെയായി സംഗീത സുരഭിലമായ ദിനത്തിന് നന്ദി🙏 ഹൃദയാഭിവന്ദനം🙏

**------ഇന്ദിരാ ബാലൻ**

**“ഭാഷയുടെ സൗന്ദര്യത്താൽ ആളുകളെ ബന്ധിപ്പിക്കുന്നു”**

അപൂർവവും ഹൃദ്യവുമായ ഒരു സമ്മേളനത്തിൽ, ശ്രദ്ധേയമായ ഏഴ് പുസ്തകങ്ങളുടെ പ്രകാശനം ആഘോഷിക്കാൻ നൂറോളം കവികളും എഴുത്തുകാരും ഒത്തുചേർന്നു.  രചയിതാക്കളിൽ ഒരാൾ, ശ്രി ശിവൻ കുട്ടി നായർ -എന്ന എസ് കെ നായർ സംഘടിപ്പിച്ച ഈ സർഗ്ഗ സംഗമം  ഒരു ലോഞ്ച് മാത്രമല്ല, സന്തോഷത്തിൻ്റെയും സ്നേഹത്തിൻ്റെയും യഥാർത്ഥ ആഘോഷമായിരുന്നു.



ഓരോ എഴുത്തുകാരും അവരുടെ കൃതികൾ പങ്കുവെക്കുമ്പോൾ, വായുവിൽ സ്പഷ്ടമായ ഒരു ബന്ധബോധം നിറഞ്ഞു.  താളുകളിൽ നിന്ന് മാത്രമല്ല, അവിടെയുണ്ടായിരുന്നവരുടെ ഹൃദയങ്ങളിൽ നിന്നും വാക്കുകൾ സ്വതന്ത്രമായി ഒഴുകി.  ഇതൊരു സാഹിത്യ പരിപാടി എന്നതിലുപരിയായിരുന്നു;  സർഗ്ഗാത്മകതയുടെയും സമൂഹത്തിൻ്റെയും അതിരുകളില്ലാത്ത സ്നേഹത്തിൻ്റെയും ശക്തിയുടെയും തെളിവായിരുന്നു അത് ഭാഷയുടെ സൗന്ദര്യത്താൽ ആളുകളെ ബന്ധിപ്പിക്കുന്നു.

**----പീറ്റർ ജോർജ്**

**‘അവിസ്മരണീയം’**
അവിസ്മരണീയം എന്ന് ഒറ്റ വാക്കിൽ പറഞ്ഞാൽ അതിശയോക്തിയാവില്ല. അത്രയും മനോഹരമായ ഒരൊത്തുചേരൽ ആയിരുന്നു. പ്രത്യേക സന്തോഷം കുറെയധികം പേരെ പരിചയപ്പെടാൻ സാധിച്ചു., പ്രത്യേകമായി ഓസ്റ്റീൻ അജിത്തിനെ..നല്ല പ്രഭാഷണങ്ങൾ കേട്ടു.സ്വാ ദിഷ്ടമായ ഭക്ഷണം... എല്ലാം കൊണ്ട് തൃപ്തി കിട്ടിയ ഒരു പരിപാടി ആയിരുന്നു. നന്ദി SK സാർ 🙏💐

**----ലാലി രംഗനാഥ്**

**‘പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ സൗഹൃദങ്ങൾ തുടങ്ങാനും എഴുത്തിന്റെ വഴിയിൽ സഞ്ചരിക്കുന്നവർക്ക് മലയാളത്തിൻ്റെയും കേരളത്തിൻ്റെയും സാഹിത്യലോകത്തെയും ഒത്തിരി പുതുമയാർന്ന കാര്യങ്ങൾ അറിയാനായി’.**

ഈ മനോഹര സർഗ്ഗസംഗമത്തിനു പിന്നിൽ ഇതിന് പുറകിൽ പ്രവർത്തിച്ച ഷൈനി അജിത്, അജിത്, സലീം , പ്രേംരാജ്  തുടങ്ങി മറ്റെല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.



ഒത്തിരി വ്യത്യസ്തതയുള്ള അജണ്ടകളോട് കൂടിയ മുഴുനീള പരിപാടി സമയബന്ധിതമായി, ഒട്ടും പരാതികളില്ലാതെ നടത്തിയതിന് പിന്നിൽ സംഘാടകരോട് മറ്റുള്ളവർക്കുള്ളത് സ്നേഹം എന്ന ശക്തിയാണ്. കൃത്യമായ തയ്യാറെടുപ്പുകൾ കൊണ്ടും ഒന്നിലേറെ അവതാരകരുടെ വൈവിധ്യമാർന്ന വിവരണം കൊണ്ടും പരിപാടി ഹൃദ്യമായ അനുഭവമായി മാറി. ഓരോരുത്തരും വളരെ ഭംഗിയായി സംസാരിച്ചു. ആലങ്കോട് ലീലാകൃഷ്ണൻ സർ തൻ്റെ സ്വതസിദ്ധമായ ശൈലിയിൽ എന്നത്തേയും പോലെ വളരെ മനോഹരമായ വാക്കുകളിൽ കോർത്ത ഇമ്പമാർന്ന പ്രസംഗവും ഒപ്പം സംഗീത സാന്ദ്രമായ നിമിഷങ്ങളും കൊണ്ട് വേദി അവിസ്മരണീയമാക്കി.


പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ സൗഹൃദങ്ങൾ തുടങ്ങാനും എഴുത്തിന്റെ വഴിയിൽ സഞ്ചരിക്കുന്നവർക്ക് മലയാളത്തിൻ്റെയും കേരളത്തിൻ്റെയും സാഹിത്യലോകത്തെയും  ഒത്തിരി പുതുമയാർന്ന കാര്യങ്ങൾ അറിയാനായി. ഇത്തരമൊരു അവസരം നൽകിയ എസ്.കെ, അഭിനന്ദനങ്ങൾ.

നന്ദി സ്നേഹം

**--അനിൽ മിത്രാനന്ദപുരം.**

**‘അത്ഭുതം സംഭവിച്ചിരിക്കുന്നു’**

എന്റെ ഓർമയിൽ കഴിഞ്ഞ 20 വർഷങ്ങളായി നഗരത്തിൽ നടന്നിട്ടുള്ള സാഹിത്യ സാംസ്കാരിക പരിപാടികളുടെ ചരിത്രത്തിൽ വിഭിന്നവും, അവിസ്മരണീയവുമായ ഏറ്റവും വലിയ സാഹിത്യ സംഗമ പരിപാടിയായിരുന്നു ഈ സർഗ്ഗ സംഗമം.




ഏകദേശം 70 എഴുത്തുകാർ  100 ഓളം ആസ്വാദകർ  ഇവർ ഒരുകുടക്കീഴിൽ ഒത്തു കൂടുക എന്ന അത്ഭുതം സംഭവിച്ചിരിക്കുന്നു. ശ്രീ എസ് കെ നായരുടെ നേതൃത്വത്തിലുള്ള ഒരു കൂട്ടം സുമനസ്സുകൾക്കെ ഇത് സാധ്യമാക്കാനാവൂ.

അതിലൊരു ഭാഗമാകുവാൻ കഴിഞ്ഞതിൽ എനിക്കും സന്തോഷമുണ്ട്. എന്നെ ഉൾപ്പെടുത്തിയതിനു നന്ദി നന്ദി.💐

-------രവികുമാർ തിരുമല

## അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ



ഒരു മനോഹരമായ ദിവസം.സർഗ്ഗ സംഗമം എന്റെ റിട്ടയർമെന്റിനുശേഷം ആസ്വദിക്കുന്ന അക്ഷര സ്നേഹികളുടെ കൂട്ടായ്മ. ശ്രീ ആലങ്കോടിന്റെ പ്രഭാഷണം ഒരു മഹാ സംഭവമായിരുന്നു. എന്റെ പ്രിയ സുഹൃത്തായ എസ്.കെ, എന്റെ അഭിനന്ദംങ്ങളുടെ പൂച്ചെണ്ടുകൾ. സംഘാടക സമിതിയിലുള്ള ഊർജ്ജസ്വലരായ സഹോദരിമാർക്കും അഭിനന്ദനങ്ങൾ.

--ടി.വി.ബാലകൃഷ്ണൻ നമ്പ്യാർ



## 'പ്രിയപ്പെട്ട മാഷേ,നമസ്കാരം'.. ഓണത്തിന് വീട്ടിൽ പോയിട്ട് വന്ന അനുഭവം'.

മാഷേ, 35 വർഷത്തെ ബാംഗ്ലൂർ ജീവിതത്തിൽ ബാംഗ്ലൂരിൽ ഇത്രയും മലയാളി എഴുത്തുകാർ ഉണ്ടെന്ന് അറിയുന്നത് തന്നെ ഇന്നാണ്. കൂടിപ്പോയാൽ ഒരു പത്തു പേരെയേ എനിക്ക് നല്ല പരിചയമുണ്ടായിരുന്നുള്ളൂ. ഒരുപാട് പേരെ പരിചയപ്പെടാൻ കഴിഞ്ഞു. അതിന് ആദ്യമേ നന്ദി പറയട്ടെ.🙏🙏



വ്യത്യസ്തമായ ശ്രേഷ്ഠമായ ഒരു സമ്മേളനമായിരുന്നു താങ്കൾ നടത്തിയത്. യാതൊരുവിധ പക്ഷപാതവും ജാതിഭേദവും രാഷ്ട്രീയവും ലിംഗ ഭേദവും ഇല്ലാതെ മലയാളി എഴുത്തുകാരെയെല്ലാം ഒരു പകൽ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന മഹാ ദൗത്യം വളരെ വിജയകരമായി നടപ്പിലാക്കാൻ താങ്കൾക്ക് കഴിഞ്ഞു. ക്രമബദ്ധമായി, സമയബദ്ധമായിട്ടുള്ള പരിപാടിയുടെ ആസൂത്രണം പ്രത്യേകം അഭിനന്ദനാർഹമാണ്. താമസിച്ചു വന്നവരെപോലും വിടാതെ സ്വാഗതം ചെയ്യാനും അതുപോലെതന്നെ ആദരിക്കാനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു.

ആലംകോട് ലീലാകൃഷ്ണനെ പോലെയുള്ളവർ സംസാരിച്ചാൽ ആരാണ് എഴുന്നേറ്റു പോവുക? ഇനിയും



രണ്ടു മണിക്കൂർ കൂടുതൽ ആ മാഷ് സംസാരിച്ചിരുന്നു വെങ്കിലും എല്ലാവരും ഇരുന്നു കേട്ടേനെ.

എല്ലാംകൊണ്ടും വളരെ ഉത്തമമായ ഒരു സാഹിത്യസംഗമം.

ഒരുപക്ഷേ ബാംഗ്ലൂരിൽ ഇത്തരത്തിൽ ഒരു ആഘോഷം, ആ മഹാഭാഗ്യം വേറെ ആർക്കും തന്നെ ലഭിച്ചിട്ടില്ല എന്ന് തോന്നുന്നു. അനുഭവക്കുറിപ്പുകളിൽ ചിലത് വരുമ്പോൾ കാറിൽ ഇരുന്നു വായിച്ചു. പ്രത്യേകിച്ചും ചെരിപ്പിന്റെ കഥ. കണ്ണ് നിറഞ്ഞുപോയി. എല്ലാം സാവധാനം വായിക്കാം.

വളരെ സാഹസകരമായ ഒരു നേതൃത്വം വഹിക്കുന്ന, നിസ്വാർത്ഥനായ ഒരു മനുഷ്യന് മാത്രമേ ഇത്തരം റിസ്ക് എടുക്കാൻ കഴിയുകയുള്ളൂ. എന്നിട്ട് ആ ക്രഡിറ്റും കൂടെ നിന്നവർക്ക് വിട്ടു കൊടുത്തു. ഒപ്പം നല്ല ഭക്ഷണവും. മറക്കില്ല ഈ ദിവസം. ഓണത്തിന് വീട്ടിൽ പോയിട്ട് വന്ന അനുഭവം.

നിങ്ങൾ ഒരു നൻമ മരമാണ് മാഷേ.

ദീർഘകാലം വാഴട്ടെ..സ്നേഹാദരങ്ങളോടെ

**ഡോക്ടർ സുഷമ ശങ്കർ**.

## ഇതൊരു അനിതരസാധാരണമായ സംഘാടക ശൈലിയാണ്.

പുസ്തകം എഴുതിയവരെ ഒന്നിപ്പിക്കുക, പുസ്തകം പ്രകാശനം ചെയ്യുണ്ടവരെ കണ്ടുപിടിക്കുക, അതിഥികളുടെ സാന്നിധ്യം മുന്കൂറായിത്തന്നെ ഉറപ്പുവരുത്തുക. ബാംഗ്ലൂരിലെ പ്രമുഖരായ എഴുത്തുകാരെ ക്ഷണിക്കുക. ബാംഗ്ലൂർ മലയാളികളായ എഴുത്തുകാരെയെല്ലാം നിരന്തരമായി ബന്ധപ്പെടുക.



ഇതൊക്കെയായിരുന്നു ഈ സർഗ്ഗ സംഗമത്തിന്റെ വിജയം. ഒരു നല്ല സംഘടാക സമിതി പിന്നിൽ പ്രവർത്തിച്ചു. അത് സത്യം തന്നെ. പക്ഷെ ഞാനടക്കമുള്ള ആ ടീമിന് നിരന്തരരമായി ഊർജം പകർന്നത് എസ് കെ അങ്കിൾ ആയിരുന്നു. എൻ്റെ പ്രിയ സുഹൃത്തുക്കളായ അർച്ചന, മീര, ഹസീന, മനോജ്, രവികുമാർ എന്നിവർക്ക് എല്ലാവർക്കും നന്ദി. ഒപ്പം പല തവണ ഞാൻ ഫോൺ ചെയ്ത് ഉപദ്രവിച്ച ബാംഗ്ലൂർ മലയാളികളായ എഴുത്തുകാർക്കെല്ലാം നന്ദി.

ഒത്തിരി സ്നേഹം.

**---ഷൈനി അജിത്**

## ‘വിവേചനങ്ങളില്ലാതെ എല്ലാവരേയും ഒരുപോലെ ഒരുമിപ്പിച്ച ഒരു ദിനം’

25.8.2024 ന് ബാംഗ്ലൂർ വിജനപുര ജൂബിലി സ്കൂളിൽ വെച്ച് നടന്ന സർഗ്ഗ സംഗമത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ സന്തോഷം. മഹത്തായ ഈ പരിപാടിയുടെ സംഘാടകനായ ശ്രീ. എസ് കെ നായർ സാറിനും, ശ്രീമതി.ഷൈനി അജിത്തിനും അഭിനന്ദനങ്ങളും, ഹൃദയം നിറഞ്ഞ നന്ദിയും⍰ വിവേചനങ്ങളില്ലാതെ എല്ലാവരേയും ഒരുപോലെ ഒരുമിപ്പിച്ച ഒരു ദിനം



പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ പരിപാടിയ്ക്ക മാറ്റ് കൂട്ടി. ശ്രീ.ആലങ്കോട് ലീലാകൃഷ്ണൻ മാഷേയും, ബീനടീച്ചറേയും ഒരിക്കൽ കൂടി കാണാൻ കഴിഞ്ഞതും, സംസാരിക്കാൻ കഴിഞ്ഞതും ഭാഗ്യമായി കരുതുന്നു.

ശ്രീ. എസ് കെ നായർ എഴുതിയ 'ഓർമകളിലൂടെ ഒരു യാത്ര' ഒരു 'ലംബാണിക്കല്യാണം ' എന്നീ പുസ്തകങ്ങൾക്കും, ഈ പുസ്തകങ്ങൾ സമ്മാനിച്ച എഴുത്തുകാരനായ ഓസ്റ്റിൻ മോനും ആശംസകൾ⍰⍰⍰

കൂടാതെ സർഗ്ഗ സംഗമത്തിൽ പ്രകാശനം ചെയ്ത എല്ലാ പുസ്തകങ്ങൾക്കും, എഴുത്തുകാർക്കും അഭിനന്ദനങ്ങൾ, ആശംസകൾ⍰⍰⍰⍰⍰⍰⍰⍰

**---രതി സുരേഷ്**

### ബെംഗൂരുവിൻ്റെ സാംസ്കാരിക ഇടത്തിൽ അടയാളപ്പെടേണ്ട സൗഹൃദ കൂട്ടായ്മ.

ബാംഗ്ളൂരിലെ കഴിഞ്ഞ 25 വർഷത്തിനുള്ളിലെ എൻ്റെ ആദ്യാനുഭവം. നൂറോളം എഴുത്തുകാരും സാസ്കാരിക പ്രവർത്തകരും ഒരേ തണലിൽ ഒന്നിച്ചിരുന്ന കാഴ്ച ബാംഗ്ളൂർ പ്രവാസികൾക്കിടയിൽ അസുലഭം തന്നെ.



സംഘാടക മികവും സമയ കൃത്യതയും പ്രത്യേകം എടുത്തു പറയേണ്ട സംഗതികളാണ്.

ആദരവുകൾ അധികമായപ്പോൾ ആശയ, സർഗ്ഗവിനിമയങ്ങൾ അപര്യാപ്തമായോ എന്നൊരു സംശയമുണ്ട്. എങ്കിലും കപടരഹരഹിതമായ സൗഹൃദ ഭാഷണങ്ങൾ കൊണ്ടു സമ്പന്നമായിരുന്ന ഈ സമ്മേളനം വേറിട്ട ഒരനുഭവം തന്നെയായിരുന്നു. സങ്കീർണ്ണമായ സർഗ്ഗ വർണ്ണനകൾക്കപ്പുറത്ത് ലളിതമായ അനുഭവ ആവിഷ്ക്കാരങ്ങളും, ചിരി,തമാശകളും കൂടി ചേർന്നതാണ് യഥാർത്ഥ ജീവിതമെന്ന് വിളിച്ചു പറയുന്നതായിരുന്നു സർഗ്ഗ സംഗമം - കൂടിച്ചേരൽ.

അന്ന് നടന്നത് ശരിക്കുമൊരു മിനി ലിറ്റ് ഫെസ്റ്റ് തന്നെയായിരുന്നു. കഴിഞ്ഞ 9 വർഷത്തിലധികമായി ബാംഗ്ലൂരിലെ പല സാഹിത്യ പരിപാടികളിലും പങ്കെടുത്ത

ഒരാളെന്ന നിലയിൽ എനിക്ക് ഉറപ്പിച്ചു പറയാനാകും ഇത്തരത്തിലൊന്ന് ആദ്യത്തേതാണ്. കുറവുകളില്ലെന്നല്ല; പക്ഷെ, ഇതൊരു നല്ല തുടക്കമാണ്. ജാതി-മത-രാഷ്ട്രീയത്തിനതീതമായ ഒരു സാഹിത്യക്കൂട്ടായ്മയിലേക്കുള്ള ആദ്യ ചുവടുവെയ്പായാണ് ഞാൻ ഈ പരിപാടിയെ കാണുന്നത്. അത് സംഘടിപ്പിച്ചതിനും എനിക്ക് അവസരം നൽകിയതിനുമുള്ള നന്ദി അറിയിക്കുന്നു. 🙏

പ്രിയ എസ്സ് ക്കേ, ഇന്നലെ നേരിൽ കണ്ട് നന്ദിയും യാത്രയും പറയാൻ കഴിഞ്ഞില്ല. മറ്റൊരു പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ടായിരുന്നു.

എല്ലാറ്റിനും നന്ദി, എഴുത്തു വഴികൾ ഇനിയും പ്രഭുല്ലമാകട്ടെ.

ആശംസകളോടെ

**----തങ്കച്ചൻ പന്തളം.**



### 'ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ"

ബഹുമാനപ്പെട്ട ശ്രീ എസ് കെ നായർ സംഘടിപ്പിച്ച സർഗ്ഗ സംഗമം എന്ന പരിപാടി അതി മനോഹരമായിരുന്നു.



ബാംഗ്ലൂരിലുള്ള സാഹിത്യ സാംസ്കാരിക പ്രവർത്തകരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ആദരിക്കാൻ കാണിച്ച ആ മഹാമനസ്ക ത എത്ര അഭിനന്ദിച്ചാലും മതിയാവില്ല ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ ആശംസകൾ അറിയിക്കുന്നു.

**---ഡോക്ടർ എം പി രാജൻ**

### 'അക്ഷരങ്ങളുടെ ശക്തിയിൽ ഈ അതിർവരമ്പുകൾ മാഞ്ഞ് പച്ച മനുഷ്യരായി ഒത്തു കൂടുക എന്ന മനോഹര അനുഭവത്തിന്റെ നേർ സാക്ഷ്യം'



ജാതി മത പ്രത്യയശാസ്ത്രങ്ങളുടേ-തുൾപ്പെടെ സകല അതിരുകളും ഭേദിച്ച് സ്നേഹത്തിന്റെ സാഹോദര്യത്തിന്റെ കുടക്കീഴിൽ അണിചേരുക എന്നത് ഇന്ന് ഏറെക്കുറെ അപ്രാപ്യമായ കാലത്താണ് നാം ജീവിക്കുന്നത്. അക്ഷരങ്ങളുടെ ശക്തിയിൽ ഈ അതിർവരമ്പുകൾ മാഞ്ഞ് പച്ച മനുഷ്യരായി ഒത്തു കൂടുക എന്ന മനോഹര

അനുഭവത്തിന്റെ നേർ സാക്ഷ്യം കൂടിയായിരുന്നു ഇന്നലെ വിജനപുര ജൂബിലി സ്കൂളിൽ നടന്ന സർഗ സംഗമം. ഇങ്ങനെയൊരു സംഗമം ഒരുക്കിയ ശ്രീ എസ് കെ നായർക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**---ബിന്ദു സജീവ്**

## ബാംഗ്ലൂരിലെ എഴുത്തുകാരുടെയെല്ലാം പ്രൊഫൈൽ പങ്കിടാനും സമാന ചിന്താഗതിക്കാരായ എഴുത്തുകാരുമായി സംവദിക്കാനും അവസരം ലഭിച്ചു

പ്രമുഖരായ ആറു എഴുത്തുകാരുടെ പുസ്തകങ്ങൾക്കൊപ്പം എന്റെ ഇംഗ്ലീഷ് ചിത്ര കവിതാ പുസ്തകമായ "വിൻറർ ഹ്യൂസ് : എ ഹാർവെസ്റ്റ് ഓഫ് സോളിറ്റ്യൂട് " ( Winter Hues: A harvest of solitude) പ്രകാശനം ചെയ്യപ്പെട്ടു.



ഉദ്യാനനഗരിയിലെ എഴുപതോളം എഴുത്തുകാരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന ഈ ചടങ്ങ് കേവലം ഒരു പുസ്തക പ്രകാശനമെന്നതിലുപരി അത്യപൂർവ്വമായ ഒരു സാഹിത്യ സംഗമമായി മാറി. ഇതോടനുബന്ധിച്ച് നടന്ന പുസ്തകച്ചന്തയും സർഗ്ഗസംവാദവും ശ്രദ്ധേയമായി.

കേരളത്തിൽ നിന്നുള്ള പ്രമുഖസാഹിത്യകാരന്മാരായ ആലങ്കോട് ലീലാകൃഷ്ണൻ, സുകുമാരൻ പെരിയച്ചൂർ, സുരേഷ് മണ്ണാറശാല, കേന്ദ്ര സാഹിത്യ അക്കാദമിജേതാക്കളായ സുധാകരൻ രാമന്തളി, കെ.കെ. ഗംഗാധരൻ, ബാംഗളൂരിലെ സാഹിത്യ പ്രമുഖരായ വിഷ്ണു മംഗലം കുമാർ, വി. ദിവാകരൻ, കെ. ആർ. കിഷോർ, മുരളീധരൻ നായർ, ജോയ് പീറ്റർ എന്നിവരുടെ സാന്നിധ്യം ഇത് സവിശേഷവും സമ്പന്നവുമായ ഒരു അനുഭവമാക്കി മാറ്റി. പങ്കെടുത്ത എഴുത്തുകാർക്കെല്ലാം അവരുടെ പ്രൊഫൈൽ പങ്കിടാനും സമാന ചിന്താഗതിക്കാരായ എഴുത്തുകാരുമായി സംവദിക്കാനും അവസരം ലഭിച്ചു. പല തലമുറകളുടെ ഓത്സുക്യം ഒരു പോലെ അനുഭവവേദ്യമായ ഈ വേദിയിൽ പത്തു വയസ്സു മുതൽ തൊണ്ണൂറിനോടടുത്തവർ വരെ വീറോടെ ന്നിദ്ധ്യമറിയിച്ചു.



ഈ പരിപാടിയെ വിദഗ്ദമായി എകോപിപ്പിക്കുകയും പങ്കെടുത്ത എല്ലാവർക്കും ഊഷ്മളവും സ്വാഗതാർഹവുമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്ത ശ്രീ എസ്.കെ നായരെ എത്ര പ്രശംസിച്ചാലും അധികമാവില്ല.

പ്രഭാഷണങ്ങളിലുടനീളം രാഷ്ട്രീയ ചിന്തകളുടെയും കാഴ്ചപ്പാടുകളുടെയും വൈവിധ്യം പ്രകടമായിരുന്നു.

ഒടുവിൽ മനംകുളിർപിക്കാനായി പെയ്ത ഒരു വേനൽമഴപോലെയായിരുന്നു ലീലാകൃഷ്ണൻസറിൻറെ പ്രഭാഷണം. കറയില്ലാത്ത ഭാഷണവും കവിതയുടെ മാധുര്യവും കലർന്നു പെയ്ത ആ പുതുമഴയുടെ ഗന്ധം ഏതൊരു പ്രവാസിയും തിരിച്ചു പോകുമ്പോൾ കൂടെ കൂട്ടാൻ കൊതിച്ചിരുന്ന മലയാളത്തിൻറെ നറുമണം തന്നെയാവണം.

എല്ലാവര്ക്കും സ്നേഹാശംസകൾ

**----സിന കെ എസ്**

## അവിസ്മരണീയമായ ഒരു അനുഭവം.

ആഗസ്റ് 25ന്  വിജനപുര ജൂബിലി സ്കൂൾ ഹാളിൽവച്ചു നടന്ന പുസ്തകവിപണനം, പുസ്തക പ്രദർശനം, എഴുത്തുകാരെ പരിചയപ്പെടുത്തൽ, സദ്യ, ഉച്ചയ്ക്ക് ശേഷം നടന്ന പൊതു മീറ്റിംഗ് --എല്ലാം ഒന്നിനൊന്ന് മെച്ചമായി. ആകെക്കൂടി ഒരു ഹൃദ്യമായ അനുഭവമായി.



പ്രധാന സംഘാടകനായ ശ്രീ എസ്.കെ.നായർ, അദ്ദേഹത്തിന്റെ ടീമംഗങ്ങൾ ആയ ശ്രീമതി ഷൈനി അജിത്, ശ്രീമതി സീന, ശ്രീ മനോജ് പിഷാരടി തുടങ്ങിയവരും അഭിനന്ദനം അർഹിക്കുന്നു. ഈ മഹാസംഗമം, ബാംഗ്ളൂരിന്റെ വിവിധ കോണുകളിൽ നിന്നും വന്ന നൂറോളം എഴുത്തുകാർക്ക് പരസ്പരം പരിചയപ്പെടാനും സംവദിക്കാനും ഉള്ള വേദിയായി മാറി. ഇന്നലെ ഞാൻ പരിചയപ്പെട്ട എഴുത്തുകാരിൽ ഏറ്റവും ശ്രദ്ധേയനായി എനിക്ക് തോന്നിയത് ശ്രീ തൊടുപുഴ പദ്മനാഭൻ ആണ്.

ഒരു പക്ഷെ, എനിക്ക് നാടകങ്ങളോടുള്ള ഇഷ്ടവും ഒരു കാരണമാവാം.സിനിമാരംഗത്തുപ്രവർത്തിക്കുന്ന ശ്രീമതി സീന, ഡോ പ്രേം രാജ് തുടങ്ങിയവരും ശ്രദ്ധ അർഹിക്കുന്നു. ഏറ്റവും ഇഷ്ടപ്പെട്ടത് ബാലപ്രതിഭയായ ആസ്റ്റിൻ ആണ്.




ഒരു പ്രസംഗകൻ, തന്റെ പ്രസംഗത്തിൽ രാഷ്ട്രീയം

തിരുകിയതും, പ്രസംഗം വെറും ശബ്ദഘോഷമായതും, അദ്ദേഹം മറ്റുള്ളവർ പ്രസംഗിക്കുമ്പോൾ വേദിയിലിരുന്ന് മൊബൈൽ നോക്കി രസിച്ചതും തികച്ചും അരോചകമായി അനുഭവപ്പെട്ടു. പാൽപ്പായസത്തിൽ കല്ലുകടിക്കും പോലെ.

ശ്രീ ലീലാകൃഷ്ണന്റെ പ്രസംഗം രസാവഹമായി. വിഭവസമൃദ്ധമായ സദ്യയെപ്പറ്റി എടുത്തു പറയേണ്ടതുണ്ട്. ഇനിയും ഇതു പോലുള്ള കൂട്ടായ്മകൾ ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു. ശ്രീ എസ്.കെ.നായർസാറിന് ഒരിക്കൽ കൂടി നന്ദി പറയുന്നു.

**---എം എൻ ആർ നായർ**

## പ്രകാശത്തിലേക്കുള്ള വഴി

വിളക്ക് കൈവശമുള്ളവനെന്നും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിന മർത്യന് മേന്മേലമൃതമയം
--മഹാകവി ഉള്ളൂർ

ഒരു വിളക്ക് കൊണ്ട് അനേകം വിളക്കുകൾ കൊളുത്താനാവും എന്ന് നമുക്ക് അനുഭവസാക്ഷ്യമേകിയ സാഹിത്യവേദിയായിരുന്നു ഓഗസ്റ്റ് 25ന് ദൂരവാണിനഗർ ജൂബിലി സ്കൂളിൽ എസ് കെ നായർ എന്ന സാംസ്കാരിക പ്രവർത്തകൻ്റെ നേതൃത്വത്തിൽ ഒരുക്കിയ അക്ഷരവിരുന്ന്. നിശ്ചിതസമയത്തിനുള്ളിൽ ഈ പരിപാടിയുടെ രൂപരേഖ കൃത്യമായി പാലിച്ച് ബാംഗ്ലൂരില സാഹിത്യസാംസ്കാരിക ലോകത്തെ ആദരിക്കാൻ ഹൃദയവിശാലത കാട്ടിയ ശ്രീ എസ് കെ നായർ സാറിന് ആത്മാർത്ഥതയോടെ ആദ്യമേ നന്ദി പറയുന്നു.



വിശിഷ്ടാതിഥികൾ പ്രഭാഷണമേകി പിരിയുന്ന വേദികളിൽ നിന്ന് വിഭിന്നമായി പുറം കേരളത്തിലെ സുമനസ്സുകളെ കേരളത്തിന് പരിചയപ്പെടുത്തിയ നവീകരണപ്രക്രിയയ്ക്ക് സന്തോഷം

ശ്രീ എസ് കെ നായർ സാറിനോടൊപ്പം പ്രവർത്തിച്ച മീര നാരായൺ, ഷൈനി, അജിത്, ഓസ്റ്റിൻ, അർച്ചന സുനിൽ, ഹസീന ഷിയാസ് മനോജ് പിഷാരടി, രവികുമാർ തിരുമല, എന്നിവർ പരിപാടി നിശ്ചിതസമയത്തിനുള്ളിൽ  സുഗമമായി നടത്തുന്നതിന് വേണ്ടി പ്രയത്നിച്ചു. ഏവരും അഭിനന്ദനമർഹിക്കുന്നു.

ദൂരവാണി നഗർ കേരളസമാജത്തിലെ പ്രമുഖരായ സാംസ്കാരികനേതൃത്വത്തിനും ആദരവും, നന്ദിയും അറിയിക്കുന്നു.

എഴുത്തുകാരനെങ്കിലും നമ്മുടെ സാഹിത്യസ്മൃതികൾ ചാരുതയോടെ ചിത്രമാക്കി പകർത്തിയേകുന്ന ഡോ. പ്രേം രാജിന് പ്രത്യേക നന്ദി.

ആലങ്കോട് സാറിൻ്റെയും, പെരിയച്ചൂർ സാറിൻ്റെയും പ്രഭാഷണങ്ങൾ അതീവ ഹൃദ്യവും, പുതിയ അറിവുകളേകുന്നവയുമായിരുന്നു.  അമൃത് പോലെയുള്ള

ആലങ്കോട് സാറിന്റെ കവിതാലാപനം എന്നത്തെയും പോലെ അതീവ ഹൃദ്യമായിരുന്നു.

സുരേഷ് മണ്ണാർശാല എന്ന സാഹിത്യകാരനും സർഗ്ഗാത്മലോകം എങ്ങനെ മനുഷ്യരെ നവികരിക്കുന്നു എന്നത് എടുത്തുപറഞ്ഞു

ബാംഗ്ളൂരിലെ സാഹിത്യസാംസ്കാരിക/സഹൃദയ ലോകത്തെ നൂറോളം സുമനസ്സുകൾ ഒന്ന് ചേർന്ന മഹനീയ സാന്നിദ്ധ്യത്തിന് വേദിയൊരുക്കിയ ശ്രീ എസ് കെ നായർ സാറിന് ഒരിക്കൽ കൂടി നന്ദി.



എൻ്റെ പുസ്ത്കം സ്വസ്തി തേ ഭൂമിയുടെ ആദ്യകോപ്പി സ്വീകരിച്ച ശ്രീ ഗോപകുമാർ സാറിനും കവിതയെ കുറിച്ചുള്ള ആസ്വാദനത്തിനും നന്ദി.

**പുസ്ത്കങ്ങളിലൂടെ വയനാടിനൊരു കൈത്താങ്ങേകിയ സത്തിന്തക്ക് ആദരം.**

എല്ലാവരെയും പേരെടുത്ത് പറയാത്തത് അറിയാതെ ആരെയെങ്കിലും വിട്ടുപോയാലുണ്ടാകുന്ന മനോവിഷമം കൊണ്ടാണ്. ദയവായി സാഹിത്യത്തിന്റെ പേരിൽ ക്ഷമിക്കുക

വയസ്സ് കൂട്ടുവാൻ വന്ന ജന്മതാരകം വൈരിയാണോ സുഹൃത്താണോ എന്ന് സംശയിക്കുന്ന കാലത്ത് ആ ജന്മതാരകത്തെ അനേകർക്ക് സുഹൃത്താക്കി മാറ്റിയ ശ്രീ എസ് കെ നായർ സാറിൻ്റെ സാഹിത്യ പിറന്നാളാഘോഷം ഒരു നാഴികക്കല്ലായി മാറിയിരിക്കുന്നു.

ഇതിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഇനിവരുന്ന തലമുറയും ഇതേ പോലെയുള്ള സർഗ്ഗസദസ്സുകളുമായി ബാംഗ്ലൂരിലെ സാംസ്കാരികരംഗം പ്രകാശമാനമാക്കും എന്ന പ്രതീക്ഷയോടെ

സർഗ്ഗ സംഗമഹ്റിൽ സംബന്ധിച്ച സാഹിത്യ/സാംസ്കാരിക ലോകത്തെ എല്ലാ പ്രിയപ്പെട്ടവർക്കും സ്നേഹവും സന്തോഷവും അറിയിക്കുന്നു.

സ്നേഹാദരങ്ങൾ

**--രമ പ്രസന്ന പിഷാരടി**

## കണ്ണുനീരണിയിച്ച സ്വാഗത ഗാനം - വയനാടിന്റെ കണ്ണു നീർത്തുള്ളികൾ!



2024 ആഗസ്റ്റ് 25 എല്ലാ അർത്ഥത്തിലും വേറിട്ട ഒരു സാഹിത്യ സംഗമം. സാഹിത്യ സംഗമം എന്നു മാത്രമല്ല. എഴുത്തുകാരുടെയും സാഹിത്യ പ്രേമികളുടേയും ഒരു സംഗമം.

പുസ്തക പ്രകാശനം ഏറ്റവും അഭിമാനവും സന്തോഷവും തരുന്ന ഒന്നാണല്ലൊ. സാംസ്കാരിക പ്രവർത്തകനും എഴുത്തുകാരനുമായ ശ്രീ എസ്. കെ.നായർ ആസന്തോഷവും മറ്റു സാഹിത്യകാരുടേതുമായി പങ്കുവെച്ചതു അതുല്യ പ്രകടനമായി..



എല്ലാ എഴുത്തുകാരേയും അംഗീകരിച്ചാദരിക്കുക എന്നതും ശ്രദ്ധേയമായി. എത്ര കേട്ടാലും മതിവരാത്ത ആലങ്കോട് ലീലാകൃസ്ഷ്ണൻ സാറിന്റെയും മറ്റതിഥികളുടെയും പ്രഭാഷണങ്ങൾ ഗംഭീരം. പ്രകാശനം ചെയ്ത് പുസ്തകങ്ങളെ പറ്റി പ്രസംഗിച്ചത് പുരസ്കാരങ്ങളായി!

അതി ശ്രദ്ധേയമായി - സ്വാഗത ഗാനം വയനാടിന്റെ കണ്ണു നീർത്തുള്ളികൾ!

ശ്രീ എസ്.കെ. നായർക്കൊപ്പം നിന്ന സംഘാടകർക്കെല്ലാം അഭിനന്ദനങ്ങൾ.

**--ബ്രിജി. കെ.ടി**

## “സാഹിത്യം” അനുഭവിക്കാനിടയായി!

സഹിതമായത് എന്തോ അതാണ് സാഹിത്യം എന്നു പറയുന്നു. ജാതി മത വർഗ്ഗ വർണ്ണരൂപത്തിലത് ചേരി തിരിഞ്ഞു നില്ക്കുന്നതായി തോന്നിയിരുന്നു.

പക്ഷേ വളരേ സന്തോഷമെന്നു പറയട്ടെ ആഗസ്റ്റ് മാസം ഇരുപത്തഞ്ചാം തീയ്യതി ഒരു സംഗമവേദിയിൽ 'സാഹിത്യം അനുഭവിക്കാനിടയായി!'



ഐ ടി നഗരത്തിലെ മഹനീയരായ സപ്തസർഗ്ഗ രചയിതാക്കളുടെ വ്യത്യസ്തങ്ങളായ എട്ടു കൃതികൾ സാഹിത്യ ഭിക്ഷാംദേഹികൾക്ക് മതിവരുവോളം നുകരുമാറായി. അതിലേറെ ഗംഭീരമെന്നു പറയട്ടെ മലയാള സാഹിത്യരംഗത്തെ മാമ്പഴ മധുരമുള്ള പ്രിയകവി ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ അവർകളുടെ പ്രഭാഷണവും, ശ്രീ സുകുമാരൻ പെരിയച്ചൂർ അവർകളുടെ സാന്നിധ്യവും ഈ സൽസംഗമത്തിന് മാധുര്യമേറ്റി.

പ്രധാനമെന്നുപറയട്ടെ ഇവിടെ സാഹിത്യം ആദരിക്കപ്പെട്ടു! അമ്പതിൽപരം എഴുത്തുകാർ ഒരുമിച്ചുരുന്ന് പരസ്പരം ഇടപഴകിയപ്പോൾ ഒരുകാര്യം ഉറപ്പായി, സഹിതമായത് തന്നേയാണ് സാഹിത്യം. ഇത് ബോധ്യപ്പെടുത്തിതന്ന മഹനീയരേ ഒരു സാഹിത്യ വിദ്യാർത്ഥിയുടെ ഹൃദയത്തിൽ നിന്നും നമസ്കാരം 🙏

**--മനോജ് പിഷാരടി**




**'അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായ് വരേണം" -**

നാം നമ്മുടെ സ്വന്തം സുഖത്തിനു വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ മറ്റുള്ളവരുടെ സുഖത്തിനും കൂടി കാരണമായി തീരുമാറാകട്ടെ.. - ശ്രീനാരായണ ഗുരു

ഈ വരികൾ അന്വർത്ഥമാക്കുന്ന വിധത്തിൽ ബംഗളൂരു നഗരത്തിൽ നിറഞ്ഞ സദസ്സിൽ ഒരു സർഗ്ഗ സംഗമം നടന്നു. തൻ്റെ രണ്ടു പുസ്തകം പ്രകാശനം ചെയ്യുന്ന ശുഭ വേളയിൽ, തന്നെപ്പോലെ അക്ഷരങ്ങളെ ഹൃദയത്തിൽ ഏറ്റെടുത്ത് എഴുതി കൊണ്ടിരിക്കുന്ന മറ്റു പ്രിയപ്പെട്ട 7 എഴുത്തുകാരുടെ



പുസ്ഥകം കൂടി പ്രകാശനം ചെയ്യാൻ അവസരം നൽകുക .ബാംഗ്ലൂരിലുള്ള എഴുപതോളം എഴുത്തുകാരെ ആദരിക്കുക. ബാംഗ്ലൂർ മലയാളി എഴുത്തുകാരുടെ എല്ലാ ഭാഷയിലുമുള്ള പുസ്തകങ്ങൾ പ്രദർശിപ്പിക്കുക, അതിന്റെ വിറ്റുവരവ് കേരള സമാജത്തിന്റെ വയനാട് ദുരന്ത ഫണ്ടിലേക്ക് സംഭാവന ചെയ്യുക എന്നതെല്ലാം പ്രേക്ഷകർ അതിശയത്തോടെ വീക്ഷിച്ചു. .

പുസ്ഥക പ്രകാശനം നടത്തുവാനായി സാഹിത്യലോകത്ത് പേരും പ്രസിദ്ധിയും നേടിയ പ്രഗൽഭരെ ക്ഷണിച്ചു വരുത്തി സർഗ്ഗ സംഗമം പ്രൗഢ ഗംഭീരമാക്കുക മാത്രമല്ല അർത്ഥവത്താക്കുകയും ചെയ്ത ഒരു കൂട്ടായ്മയായിരുന്നു സർഗ്ഗ സംഗമം. ദൂരവാണിനഗർ കേരളം സമാജത്തിന്റെ ജൂബിലി സ്കൂളിൽ വച്ച് നൽകിയ വിഭവ സമൃദ്ധമായ സാഹിത്യ സദ്യ -മധുരം മനോഹരം- ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു സൽകർമ്മം.!

മറ്റുള്ളവരെയും തന്നോടൊപ്പം ചേർത്തുപിടിക്കുവാൻ അദ്ദേഹത്തിന് സാധിച്ചത് അദ്ദേഹത്തിൻ്റെ നല്ല മനസ്സ് തന്നെ. 'സ്നേഹം മാത്രം നൽകുക, വെറുപ്പ് നമുക്ക് വേണ്ട, ജാതി മതം രാഷ്ട്രീയം ഇതൊന്നും നോക്കേണ്ട, നമ്മൾ മനുഷ്യരാണ്; സഹജീവികളാണ്; എന്നും ഒത്തു ചേരേണ്ടവരാണ് എന്ന സന്ദേശമാണ് ശ്രീ എസ്സ് കെ.നിങ്ങൾ ബാംഗ്ലൂർ മലയാളികൾക്ക് നൽകിയത്. നിങ്ങക്ക് എൻ്റെ അഭിനന്ദനം സ്നേഹാദരം '

പുസ്തക പ്രകാശനത്തിന് നാട്ടിൽ നിന്നും അതിഥികളായെത്തിയ ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ, ശ്രീ.സുകുമാരൻ പെരിയച്ചൂർ, ശ്രീ സുരേഷ് മണ്ണാറശ്ശാല എന്നിവരുടെ സാന്നിദ്ധ്യവും, അതി മധുരതരമായ മലയാള ഭാഷയിലുള്ള പ്രസംഗവും ഒരു സാംസ്കാരിക സദ്യ തന്നെ. ഒരിക്കലും മറക്കാൻ പറ്റാത്ത അസുലഭ നിമിഷങ്ങളായി മാറി സർഗ്ഗ സംഗമം.

**--കെ. ദാമോദരൻ**

## മഹാ സാഹിത്യ സമ്മേളനം



ബാംഗ്ലൂരിന്റെ സാഹിത്യ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഓഗസ്റ് 25നു ജൂബിലി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു കേരള സമാജം ദൂരവാണി നഗറിന്റെ സഹകരങ്ങളോടെ എസ് കെ നായർ ഒരുക്കിയ ഈ മഹാ സാഹിത്യ സമ്മേളനം നടക്കുന്നത്!

ബാംഗ്ലൂരിലെ എല്ലാ സാഹിത്യകാരന്മാരെയും, പുതു എഴുത്തു കാരെയും കണ്ടു പിടിച്ചു പുസ്തകരൂപത്തിൽ ഫോട്ടൊ ചേർത്ത് ഒരു പരിചയപ്പെടുത്തൽ നടത്തിയതും,

ഒരേ സമയം ഏഴു എഴുത്തുകാരുടെ പുസ്തകങ്ങൾ പ്രകാശനം ചെയ്യാൻ അവസരം ഒരുക്കിയതും അദ്ദേഹത്തിന്റെ മഹാമനസ്കതയും സംഘടനാ പടവവും എടുത്തു കാണിക്കുന്നു!!



വിശിഷ്ടാതിഥികളുടെ പ്രസംഗങ്ങളിൽ ശ്രീ അലങ്കോടിന്റെ പ്രഭാഷണം സരസഗംഭീരവും കവിതാ സമ്പന്നവും, വിജ്ഞാന പ്രദവും ആയിരുന്നു എന്നു എടുത്തു പറയേണ്ടിയിരിക്കുന്നു. ഒരു സാഹിത്യകാരന്മാർക്കും കിട്ടാത്ത സപ്തതിക്കും ആശംസകൾക്കും എസ്സ് കെ തികച്ചും അർഹനാണ്.

അദ്ദേഹത്തിന് ഹൃദയ ത്തിൽ നിന്നും ആയിരമായിരം ആശംസകൾ നേരുന്നു,

**--സുരേന്ദ്രൻ വെൺമണി.**



ഒരു വ്യക്തി ഇത്ര മനോഹരമായി ബാംഗ്ലൂരിൽ ഉള്ള സാഹിത്യ പ്രേമികളെ ഒരുമിച്ച് സംഘടിപ്പിച്ചു ഇങ്ങനെ ഒരു പരിപാടി നടത്തുക എന്ന് പറയുന്നത് ഞാൻ ആദ്യമായി കാണുകയാണ്.

സ്വന്തം പുസ്തക പ്രകാശനത്തിന് മറ്റുള്ളവരെ ക്ഷണിച്ച് നടത്തുക സ്വാഭാവികം. പക്ഷേ അതോടൊപ്പം, മറ്റ് രചയിതാക്കളുടെയും പുസ്തകം മാന്യ വ്യക്തിയെ കൊണ്ട് പ്രകാശിപ്പിക്കുക, അതിന് അവസരം നൽകുക ഒക്കെ ആദ്യമായാണ്.പ്രത്യേകിച്ചും സ്വന്തം ജന്മദിന നാളിൽ!

ആലങ്കോട് ശ്രീ.ലീലാ കൃഷ്ണന്റെ അതിമനോഹരമായ പ്രഭാഷണം ഇന്നലത്തെ രുചികരമായ ഭക്ഷണത്തിന് ശേഷം കിട്ടിയ പാലമൃത് ആയി..

എന്നെയും അതിൻറെ ഭാഗമാക്കിയതിന്, ഒരുപാട് നാളായി കാണാതിരുന്ന പലരെയും കാണാൻ അവസരം ഒരുക്കിയതിന് ഒക്കെ ഒരുപാട് സന്തോഷം, സ്നേഹം, നന്ദി 🙏🙏🙏



ഇത്രയും എഴുത്തുകാരെ ഒന്നിച്ചു ഒരേ വേദിയിൽ നിർത്താനായി എന്നത് താങ്കളുടെ സംഘാടന മികവിൻ്റെ വലിയ ഉദാഹരണമാണ്. ഇത്തരമൊരു നവീന ചിന്ത ബാംഗ്ലൂർ സാഹിത്യ സാംസ്കാരിക മേഖലയിൽ പുതിയൊരു വെളിച്ചമാകട്ടെ!

**---കല ജി കെ**

## നന്ദി എന്ന ഒറ്റവാക്കിൽ തീരുന്നില്ല- എസ്സ് കെ.

2023 നവംബർ 23ന് എന്റെ ആദ്യപുസ്തകം പ്രകാശനം ചെയ്തതോടെ തീരുമാനിച്ചതാണ് 2024 ആഗസ്റ്റ് 25ന് എന്റെ ഓർമകളിലൂടെ ഒരു യാത്ര എന്ന ആത്മകഥ പ്രകാശനം ചെയ്യണമെന്ന്. ആ വേദിയിൽ ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ അത് വെളിപ്പെടുത്തുകയമുണ്ടായി.

ആദ്യപുസ്തകം പ്രകാശനം ചെയ്തത് ബാംഗ്ലൂർ മലയാളി റൈറ്റേഴ്സ് ഫോറം എന്ന സംഘടനയുടെ ബാനറിലായിരുന്നു. (അറിഞ്ഞിരിക്കാൻ വേണ്ടി - എല്ലാ ചിലവുകളും വഹിച്ചിരുന്നത് ഞാൻ തന്നെയാണ്) ഇത്തവണയും അതിന്റെ ഭാരവാഹികളുമായി ബന്ധപ്പെട്ടു. മറ്റു പരിപാടികളുടെ തിരക്കിൽ ഇത് സാധ്യമല്ല എന്ന് ഒരു മാസത്തോളം അവർ നടത്തിയ ചർച്ചകൾക്ക് ശേഷം മറുപടി കിട്ടി.

അങ്ങിനെ ഒരു സംഘടനകളുടെയും പിന്തുണ കിട്ടില്ല എന്ന സാഹചര്യത്തിലാണ് ബാംഗ്ലൂരിലെ എഴുത്തുകാരുടെ സഹകരണങ്ങളോടെ ഈ സർഗ്ഗ സംഗമം നടത്തുവാൻ തീരുമാനിച്ചത്. കേരളം സമാജം ദൂരവാണിനഗർ ഹാൾ, ഉച്ചഭാഷിണി എന്നിവ സൗജന്യമായി നൽകി സഹായിച്ചത് നന്ദിപൂർവം സ്മരിക്കുന്നു.

പല വ്യക്തികളും സഹകരിച്ചു. വിഷ്ണുമംഗലം കുമാർ വളരെയധികം പ്രോത്സാഹനങ്ങൾ നൽകി.

എല്ലാ പ്രാഥമിക സജ്ജീകരണങ്ങളും ഏർപ്പെടുത്തിയത്തിനു ശേഷം ഡോക്ടർ പ്രേം രാജിന്റെ പുസ്തകവും, സലീംകുമാറിന്റെ ബാംഗ്ലൂർ നാദം ഓണവിശേഷാൽ പ്രതിയും ഈ വേദിയിൽ പ്രകാശനം ചെയ്യണമെന്നഭ്യർത്ഥിച്ചു. അത് സമ്മതിച്ചതോടൊപ്പം ബാംഗ്ലൂർ മലയാളികളായ എഴുത്തുകാരുടെ തയ്യാറായ പുസ്തകങ്ങൾ എല്ലാം പ്രകാശനത്തിനായി ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചു.

അങ്ങിനെ എനിക്കുവേണ്ടി ശ്രീമതി ഷൈനി ഏകദേശം 70 എഴുത്തുകാരെയും സാംസ്കാരിക പ്രവർത്തകരെയും നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഈ സർഗ്ഗ സംഗമം ഒരു ഫലപ്രദമായ കൂട്ടായ്മയായി മാറിയത് ശ്രീമതി ഷൈനി അജിത്തിന്റെ പരിശ്രമം തന്നെയാണ്.

69 പേരുടെ ഷോർട് പ്രൊഫൈൽ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതും, 'മിനിറ്റ് ടു മിനിറ്റ്' പരിപാടി ആസൂത്രണം ചെയ്തു നടപ്പാക്കാൻ കഴിഞ്ഞതും ഷൈനിയുടെയും അജിത്തിന്റെയും മറ്റും ഇടപെടലുകൾ മാത്രമാണ്. മനോജ് പിഷാരടി, അർച്ചന സുനിൽ, മീരനാരായണൻ, ഹസീന ഷിയാസ്, രവികുമാർ തിരുമല എന്നിവർ കൈകോർത്തു നിന്നതുകൊണ്ടുതന്നെ സർഗ്ഗ സംഗമം യഥാർത്ഥ്യമായി.

എന്റെ സുഹൃത്തുക്കൾ ആരെയെല്ലാം ഉൾക്കൊള്ളിക്കണമെന്ന് നിർദേശിച്ചുവോ അവരെയെല്ലാം ഉൾപ്പെടുത്തി. എന്തായാലും ബാംഗ്ലൂരിലെ മലയാളികളായ എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും സസന്തോഷം ഒപ്പം നിന്നു. ഒറ്റപ്പെട്ട ചില വികല മനസ്സിന്റെ ഉടമകൾ നേരിട്ട് തന്നെ എതിർപ്പറിയിച്ചു.


ഇത്രയൊക്കെ പറയേണ്ടിവന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്.

ഒരു വശത്ത് അഭിനന്ദനങ്ങളുടെ പ്രവാഹവും മറു വശത്ത് ഗൂഢ ലക്ഷ്യത്തോടെയുള്ള കിംവദന്തികളും നിലനിൽക്കുന്നു . അപ്പോൾ ഒരു വിശദീകരണം ആവശ്യമായിത്തോന്നി.

ഒന്നാമതായി ഇതിന്റെ ചിലവിലേക്ക് പണം നൽകി സഹായിക്കാൻ എന്റെ പല എഴുത്തുകാരായ സുഹൃത്തുക്കളും സമീപിച്ചു. വളരെ നിർബന്ധിച്ചു. ഞാൻ സ്നേഹപൂർവ്വം നിരസിച്ചു. കാരണം എന്റെ ഈ വൈകിയ വേളയിൽ എനിക്കുണ്ടാകുന്ന മാനസിക സന്തോഷം അതുവഴി നശിപ്പിക്കണ്ടായെന്നു കരുതി അത്ര തന്നെ. ഞാൻ പണം വാങ്ങിയെന്നും പരിപാടി ഹൈജാക് ചെയ്തുവെന്നും മറ്റും സംസാരമുണ്ട്. അവരോടെനിക്ക് സഹതാപവുമുണ്ട്.

ജാതി മത, കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ എന്റെ പരിചയ വലയത്തിലുള്ള എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ സർഗ്ഗ സംഗമ പരിപാടി പ്രതീക്ഷയിൽ കവിഞ്ഞു വിജയകരമായപ്പോൾ അനുഭവിക്കേണ്ടിവരുന്ന നീരസങ്ങളിതെല്ലാം.

നമ്മുടെ എല്ലാ സംഘടനകൾക്കും പരിമിതികളുണ്ട്. അതല്ലാതെ അതിന്റെ തലപ്പത്തിരിക്കുന്നവർക്ക് പല മുൻ വിധികളുമുണ്ട്. അതുകൊണ്ടു വീണ്ടും വീണ്ടും ഈ തരത്തിലുള്ള കൂട്ടായ്മകളും, സഹകരണ സംവിധാനങ്ങളിലൂടെയുള്ള പുസ്തക പ്രസിദ്ധീകരണങ്ങളുമായിരിക്കണം നമ്മുടെ ലക്ഷ്യം.



സർഗ്ഗ സംഗമപരിപാടിയിൽ ഒത്തൊരുമയോടെ കൈകോർത്തു നിന്ന എല്ലാ സുമനസ്സുകൾക്കും ഒരിക്കൽ കൂടി നന്ദി.

ഒരുമയോടുള്ള പ്രവർത്തനങ്ങൾ തുടരും.


ഒപ്പമുണ്ടാവുമെന്ന ശുഭ പ്രതീക്ഷകളോടെ ,

സ്നേഹം, സന്തോഷം

**എസ്സ് കെ നായർ.**

## സർഗ്ഗ സംഗമങ്ങൾ തുടരും...

## സൗഹൃദങ്ങളും തുടരും..






അത്യപൂർവ സർഗ്ഗ സംഗമം.

ബെംഗളൂരുവിൻ്റെ സാംസ്കാരിക ഭൂമികയിൽ അടയാളപ്പെടേണ്ട ഒരു സൗഹൃദ കൂട്ടായ്മ ഇക്കഴിഞ്ഞ 25 ന് നടന്നു.

കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിലെ എൻ്റെ ആദ്യ ബംഗളൂർ അനുഭവം. നൂറോളം എഴുത്തുകാരും സാസ്കാരിക പ്രവർത്തകരും ഒരേ തണലിൽ ഒന്നിച്ചിരുന്ന കാഴ്ച ബാംഗ്ളൂർ പ്രവാസികൾക്കിടയിൽ അത്യപൂർവ്വം എന്നു തന്നെ പറയാം.

ആദരവുകളുടെ ആധിക്യം ആശയ, സർഗ്ഗവിനിമയങ്ങളുടെ ആക്കം കുറച്ചു എങ്കിലും കപടരഹരഹിതമായ സൗഹൃദ ഭാഷണങ്ങൾ കൊണ്ടു സമ്പന്നമായിരുന്ന ഈ സമ്മേളനം വേറിട്ട ഒരനുഭവമായിരുന്നു. സങ്കീർണ്ണമായ സർഗ്ഗ വർണ്ണനകൾക്കപ്പുറത്ത് ലളിതമായ അനുഭവ ആവിഷ്കാരങ്ങളും, ചിരി,തമാശകളും കൂടി ചേർന്നതാണ് യഥാർത്ഥ ജീവിതമെന്ന് വിളിച്ചു പറഞ്ഞ ആ കൂടിച്ചേരലിന് കാരണക്കാരൻ സപ്തതി നിറവിൽ തിളങ്ങി നിൽക്കുന്ന SK നായർ എന്ന എഴുത്തുകാരനാണ് എന്നതിൽ അഭിമാനമുണ്ട്. അദ്ദേഹത്തിന് ആശംസകൾ.

പക്ഷെ ഈ പരിപാടിയെ അത്യപൂർവ്വം എന്ന് ഞാൻ വിശേഷിപ്പിക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്.

ആ അപൂർവ്വതയാണ് മാസ്റ്റർ ഓസ്റ്റിൻ അജിത് എന്ന അത്ഭുതം.

മത്സരക്കളത്തിലെ അവസാന ലാപ്പുകളിൽ കുതിച്ചും കിതച്ചും ഓടുന്ന മധ്യവയസ്സു താണ്ടിയ 70-തിലധികം എഴുത്തോട്ടക്കാരുടെ പാച്ചിലിനിടയിൽ അനിതരസാധാരണമായ മെയ് വഴക്കത്തോടെ ഈ കൊച്ചു കുറുമ്പൻ കളം നിറഞ്ഞോടിയത് കണ്ടതും കേട്ടതും വെറും കൗതുകത്തോടു കൂടി മാത്രമായിരുന്നില്ല തെല്ല് അത്ഭുതത്തോടെ തന്നെയായിരുന്നു.

അവിടെ കൂടിയിരുന്ന എല്ലാവരെയും അവൻ കൈ കൊടുത്തു സ്വീകരിച്ചു.

എല്ലാവർക്കും അവൻ ഉപഹാരം നൽകി ആദരിച്ചു.

എല്ലാവരോടും അവൻ കുശലം പറഞ്ഞു.

എല്ലാവരും അവനെ ചേർത്തു പിടിച്ചനുഗ്രഹിച്ചു.

സർവ്വരും അവൻ നന്നായി വരും എന്നാശിർവ്വദിച്ചു.

അതേ വേദിയിൽ അവൻ്റെ 8-ാമത്തെ പുസ്തകം പ്രകാശിതമായി.

അവിശ്വസനീയം എന്ന് അവൻ്റെ പുസ്തകത്തെപ്പറ്റി ഒരാൾ.

ബാംഗ്ളൂരിൻ്റെ ഷേക്സ്പിയർ എന്ന് വേറൊരാൾ.

നാളെയുടെ നോബൽ പ്രതീക്ഷ എന്ന് മറ്റൊരാൾ.

ഭാവിയുടെ ജെ കെ റൗളിംഗ് എന്ന് ഇനിയൊരാൾ.............

ഒന്നും വെറുതെയല്ല...

എല്ലാം സത്യസന്ധമായ നിരീക്ഷണങ്ങളും പ്രവചനാത്മകമായ പ്രസ്താവനകളും തന്നെയായിരുന്നു.

അവനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ തലങ്ങും വിലങ്ങും മുഴങ്ങിയിട്ടും അവനതൊന്നും അറിഞ്ഞ മട്ടേയില്ല.

ഇതൊന്നും തനിക്കു ബാധകമേയല്ലെന്ന തരത്തിൽ അവനപ്പോഴും അടുത്തയാൾക്ക് ഉപഹാരം നൽകാനുള്ള ശ്രമത്തിലായിരുന്നു.

തുമ്പിയെപ്പോലെ അവൻ കല്ലെടുത്തു കൊണ്ടേയിരുന്നു.

മൊത്തത്തിൽ അവനായിരുന്നു അവിടെ എല്ലാമെല്ലാം. അവൻ്റെ മറുപടി പ്രസംഗത്തിന് എല്ലാവരും ശ്രദ്ധയോടെ കാതോർത്തു.

പരിപാടിയുടെ തുടക്കം മുതൽ ഒടുക്കം വരെ അവൻ സദസ്സും, വേദിയും, അവിടെ കൂടിയവരുടെ മനസ്സും ഒരുപോലെ കയ്യടക്കി.

ഉള്ളതു പറയട്ടെ,

ഇന്നലെ നടന്ന ആ സർഗ്ഗ സംഗമത്തിൽ ഈ പതിനൊന്നു വയസ്സുകാരനായ കുട്ടി എഴുത്തുകാരൻ, നാളെയുടെ പാൻ ഇന്ത്യൻ പ്രതിഭയെ ചേർത്തു പിടിക്കാൻ കഴിഞ്ഞതിലാണ് എനിക്ക് ഏറെ സന്തോഷം തോന്നിയത്.

അത് സാർത്ഥമാക്കിയ SK നായരുടെ സംഘാടക മികവിന് നന്ദി..

ആശംസകളോടെ

തങ്കച്ചൻ പന്തളം✍️

നന്ദി ഒരാളോട് മാത്രമല്ല.

അറിയുകയും, അറിയിക്കുകയും, ഓർക്കുകയും ഓർമ്മിപ്പിക്കുകയുമാണല്ലോ സർഗ്ഗ സംഗമങ്ങളുടെപരമപ്രധാന ലക്ഷ്യം.

പലതട്ടിലായി നിൽക്കുന്ന എഴുപത്തിൽ പരം മലയാളി എഴുത്തുകാരെ നേരിട്ട് ബന്ധപ്പെട്ടു. വിവിധ രാഷ്ട്രീയ ചിന്താഗതികളും, വ്യക്തി താല്പര്യങ്ങളും, ശക്തമായ ലക്ഷ്യബോധവും മറ്റും  വച്ചുപുലർത്തുവന്നവരാണ് ഇവരിൽ എല്ലാവരും തന്നെ. പക്ഷെ ഇപ്പറഞ്ഞ എല്ലാവർക്കും സമാനമായുള്ള ഒന്നുണ്ട് എന്ന് മനസ്സിലാക്കിത്തന്നെയാണ് ആഗസ്റ്റ് 25ന്  നടന്ന സർഗ്ഗ സംഗമത്തിന് തുടക്കം കുറിച്ചത്. മേല്പറഞ്ഞ എഴുപതിൽ 69 പേരും ഇരുകയ്യും നീട്ടി സ്വീകരിച്ചു.

എൻ്റെ സപ്തതിക്ക് ഒരു പ്രാധാന്യവും നൽകിയില്ല പരിപാടികൾ ആസൂത്രണം ചെയ്തത്. അതിനെപ്പറ്റി

അടുത്തറിയാവുന്ന  ചില സുഹൃത്തുക്കൾ ആ വേദിയിൽ അതെടുത്തുപറഞ്ഞു. അതധികപ്പറ്റാണെന്നു എനിക്കും തോന്നി.

എന്റെ രണ്ടുപുതകത്തിന്റെ പ്രകാശനമാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. അതൊരു വ്യക്തിപരമായ പരിപാടിയാവുന്നതിനാൽ ഒരു സ്വാർത്ഥത പോലെ തോന്നി. ബാംഗ്ലൂരിലുള്ള എഴുത്തുകാരുടെ ആരുടെയെങ്കിലും പുസ്തകങ്ങൾ തയ്യാറാണെങ്കിൽ അതുകൂടി ഉൾക്കൊള്ളിച്ചു ഒരു പുസ്തക പ്രകാശന മേളയാക്കുവാൻ തീരുമാനിച്ചു. ആദ്യം ബന്ധപ്പെട്ടത് എനിക്കേറ്റവും ഇഷ്ടമുള്ള ബാല പ്രതിഭയായ ഓസ്റ്റിനെയാണ്. ശ്രീ അജിത്തും ശ്രീമതി ഷൈനിയും എന്റെ ഉദ്ദേശം മനസ്സിലാക്കി. അവർ ആ ദൗത്യം ഏറ്റെടുത്തു. അവർ തന്നെ കണ്ടെത്തിയതാണ് ശ്രീമതിമാർ ബ്രിജി, ഇന്ദിര ബാലൻ, രമ പിഷാരടി, കെ.എസ്.സിന എന്നിവരെയും ഒപ്പം ഓസ്റ്റിന്റെയും ഷൈനിയുടെയും അങ്ങിനെ മൊത്തം എട്ടു പുസ്തകങ്ങളായി.

ഈ ആവശ്യത്തിനായി ശ്രീമതി ഷൈനിയോടൊപ്പം ഞാനും ഈഹപ്പറഞ്ഞ 69 പേരെയും നിരന്തരമായി ബന്ധപ്പെട്ടു. അവരുടേയെല്ലാം ഷോർട് പ്രൊഫൈൽ,  ഫോട്ടോ എന്നിവ വാങ്ങി. അവരെല്ലാം തന്നെ പങ്കെടുക്കുമെന്ന് 100 % ഉറപ്പും തന്നു. വളരെ ചിലർ ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യങ്ങളെപ്പറ്റി മുൻകൂർ അറിയിച്ചു. അങ്ങിനെ ബഹുഭൂരിപക്ഷം എഴുത്തുകാരും ചുരുക്കം ചില പ്രമുഖരായ സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു. സർഗ്ഗ സംഗമം പ്രതീക്ഷയിൽ കവിഞ്ഞ വിജയമായി പരിണമിച്ചു.

ഇങ്ങിനെ ഒരു സർഗ്ഗ സംഗമത്തിന്റെ ആശയവും ആവശ്യവും മനസ്സിലാക്കി സമ്പൂർണ്ണ പി[പ്രിന്തുണ നൽകിയ ചിലരുടെ പേരുപറഞ്ഞില്ലങ്കിൽ അതൊരു അപാകതയാവും. ശ്രീ ടി.എം ശ്രീധരൻ, ശ്രീ സുധാകരൻ രാമന്തളി, വിഷ്ണുമംഗലം കുമാർ, സതീഷ് തോട്ടശേരി, ഡോക്ടർ സുഷമ ശങ്കർ, ആർ.വി.ആചാരി, കെ ദാമോദരൻ, പി.ഗോപകുമാർ, രവികുമാർ തിരുമല തുടങ്ങി ഒട്ടു മിക്ക സുഹൃത്തുക്കളും തുറന്ന മനസ്സോടെ അഭിപ്രായങ്ങൾ പങ്കുവെച്ചു. ശ്രീ സലിം കുമാർ, ഡോക്ടർ പ്രേം രാജ് എന്നിവർ ആദ്യം അവരുടെ പുസ്തകവും ഉണ്ടാവമെന്നു പറഞ്ഞിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുസ്തകം തയ്യാറായില്ല പക്ഷെ അവർ പരിപാടിയിൽ പങ്കെടുത്തു.

ശ്രീ സുരേഷ് കോഡൂർ, ശ്രീ ഓ.വിശ്വനാഥൻ, ശ്രീ സതീഷ് തോട്ടശേരി ശ്രീ ടി പി വിനോദ്, ശ്രീ ടി ഐ ഭരതൻ, ശ്രീ ആർ വി ആചാരി, ശ്രീ ഗബ്രിയേൽ, തുടങ്ങിയ ചില സുഹൃത്തുക്കൾ അവരുടെ വ്യക്തിപരമായ അസൗകര്യം സമയാസമയങ്ങളായി അറിയിച്ചിരുന്നു.

പൊതു ജനം പലവിധം എന്നത് നന്നായി അറിയാവുന്നതിനാൽ ചില ജാഡകളൊക്കെ കണ്ടില്ല എന്ന് നടിക്കേണ്ടിവന്നു. സംഘാടകരായ ഞങ്ങളോട് തീർച്ചയായും വരുമെന്നും, അതെ സമയം മറ്റുള്ളവരോട്

'ഞാൻ പോകുന്നില്ലപ്പാ' എന്നു തീർത്തു പറയുകയും അയാൾ തന്നെ കൃത്യ സമയത്തിന്  എത്തിച്ചേരുകയും ചെയ്ത ഉത്തരവാദിത്വമുള്ള ചില സംഘാടകർ  വന്നയുടനെതന്നെ എന്നെ സഹായിച്ചിരുന്നവരോട് 'ഇതിന്റെയൊക്കെ ആവശ്യമുണ്ടോ ?' എന്ന് പല തരത്തിൽ ചോദിച്ച് നിരുത്സഹപ്പെടുത്തുവാനും മറന്നില്ല.

പക്ഷെ അവർക്കൊന്നു മനസ്സിലായി അവർ നിരുത്സാഹപ്പെടുത്തുവാൻ ശ്രമിച്ചവർ കൂടുതൽ ആർജവത്തോടെ പരിപാടിയിൽ സജീവമായി പങ്കെടുത്തു. എന്നുമാത്രമല്ല ഇങ്ങിനെയുള്ള പരിപാടികൾ തുടരണമെന്നും ഒട്ടുമിക്ക സുഹൃത്തുക്കളും അഭ്യർത്ഥിച്ചു.

ഇത്തരം സംഗമ പരിപാടികൾ നടത്തുന്നത്തിനായുള്ള സംഘടനകളുണ്ട്. പക്ഷെ അവർ ഉദ്ദേശിക്കുന്ന യോഗ്യതകൾ എനിക്കില്ലാഞ്ഞിട്ടാവാം ഈ പരിപാടിയോടൊപ്പം കൂടുവാൻ വൈമുഖ്യം കാട്ടിയത്.

എന്തായാലും ഈ അനുഭവ സമ്പത്തോടെ വീണ്ടും സംഗമ പരിപാടികൾ നമുക്ക് തുടരാം. ഒരു അതിരുകളും വിവേചനകളുമൊന്നുമില്ലാതെതന്നെ! മലയാളത്തിന്റെ മണവും മമതയും ആസ്വദിക്കാം! കൂട്ടായ്മയുടെ സുഗന്ധം അനുഭവിക്കാം....  ഒപ്പമുണ്ടാവുമെന്ന ശുഭ പ്രതീക്ഷകളുമായി..

എല്ലാവർക്കും

നന്ദി.. സ്നേഹം.. സന്തോഷം

എസ് കെ നായർ